◆ ലേഖനം

ടി.വി മുഹമ്മദലി

# സിലോണിൽനിന്ന് തുടക്കം

**സിലോൺ** (ശ്രീലങ്ക) മലയാളികൾ വഴിയാണ് തൃശൂർ ജില്ലയുടെ മണപ്പുറത്ത് ഇസ്‌ലാമിക നവജാഗരണത്തിനും പ്രസ്ഥാന പ്രവർത്തനങ്ങൾക്കും തുടക്കം കുറിക്കപ്പെടുന്നത്. തങ്ങൾ ഉൾക്കൊണ്ട ഇസ്‌ലാമിക പ്രസ്ഥാനം നാട്ടിലും പ്രചരിക്കണമെന്ന അടങ്ങാത്ത മോഹമായിരുന്നു അവർക്ക്. അതിനാൽ *പ്രബോധനം* വരിചേർത്ത് നാട്ടിൽ ബന്ധുക്കൾക്കും സുഹൃത്തുക്കൾക്കും ലഭ്യമാക്കി. *ഇസ്‌ലാം മതം*, *രക്ഷാസരണി* തുടങ്ങിയ പുസ്തകങ്ങൾ അയച്ചുകൊടുത്തും കത്തുകൾ എഴുതിയും പ്രസ്ഥാനബന്ധങ്ങൾ വളർത്തിക്കൊണ്ടിരുന്നു. സിലോണിൽനിന്ന് നാട്ടിൽ തിരിച്ചുവന്ന ആ ത്യാഗികളാണ് തളിക്കുളത്തും വാടാനപ്പള്ളിയിലും പ്രസ്ഥാന പ്രവർത്തനങ്ങൾക്ക് തുടക്കമിട്ടത്. പി.എം അബു, പി.ബി മുഹമ്മദ്, പി.കെ സെയ്തു, മുഹമ്മദ്, പി.ബി മൂസ തുടങ്ങിയവരായിരുന്നു അവർ.

### ആശയസംവാദവും ചിന്താവിപ്ലവവും

തൊള്ളായിരത്തി അമ്പതുകളുടെ തുടക്കത്തിലാണ് മണപ്പുറത്ത് ജമാഅത്തെ ഇസ്‌ലാമിയുടെ പ്രവർത്തനം തുടങ്ങിയത്. സിലോണിൽനിന്ന് തിരിച്ചു വന്ന് പ്രവർത്തനം തുടങ്ങിയവരിലും അവരുടെ പ്രവർത്തനഫലമായി പ്രസ്ഥാനത്തിലേക്ക് ആകർഷിക്കപ്പെട്ടവരിലും മിക്കവരും ബീഡിത്തൊഴിലാളികളായിരുന്നു. കമ്യൂണിസ്റ്റ് പാർട്ടിക്ക് നല്ല സ്വാധീനമുള്ളതായിരുന്നു ഈ പ്രദേശം. രാഷ്ട്രീയ, സാമൂഹിക ബോധമുള്ള സാധാരണക്കാർ. അവരിൽ ഇസ്‌ലാമിക പ്രവർത്തനം തുടങ്ങാൻ എളുപ്പമായിരുന്നു. അതേസമയം, ആശയലോകത്ത് തീ പാറുന്ന സംവാദവും. 'ഇന്ത്യയുടെ ലക്ഷ്യം സോഷ്യലിസമോ?' എന്ന ലേഖനം *പ്രബോധന*ത്തിൽ പ്രസിദ്ധീകരിച്ചുവന്നത് ചൂടുള്ള ചർച്ചക്ക് വിഷയമായി. പ്രത്യേകിച്ച് ബീഡിത്തൊഴിലാളികളിൽ. അവർ രാഷ്ട്രീയ പ്രബുദ്ധരായിരുന്നു. അവരുടെ വായനാതാൽപര്യമാണ് അതിനു കാരണം. അമ്പതോ നൂറോ പേർ ഒരുമിച്ചിരുന്ന് ജോലി ചെയ്യുമ്പോൾ എല്ലാ പത്രങ്ങളും അവിടെ വായിക്കപ്പെടും. തുടർന്ന് ചർച്ചയും നടക്കും. ഒരാൾ ഉറക്കെ വായിക്കുകയും മറ്റുള്ളവർ കേൾക്കുകയുമാണ് രീതി. മണിക്കൂറുകൾ നീണ്ടുനിൽക്കുന്ന വായന. തെരഞ്ഞെടുത്ത പുസ്തകങ്ങളാണിങ്ങനെ വായിക്കുക. അങ്ങനെ വായിക്കുന്ന വ്യക്തിക്ക് മറ്റുള്ളവർ തങ്ങൾ തെറുക്കുന്നവയിൽനിന്ന് പത്തോ ഇരുപത്തഞ്ചോ ബീഡി നൽകും; വായിക്കുന്ന സമയത്തിനുള്ള വേതനമായി. *പ്രബോധന*വും ഇസ്‌ലാമിക കൃതികളും അങ്ങനെ ബീഡിത്തൊഴിലാളികൾ വായന തുടങ്ങി. ഈ വായനാശീലമാണ് കമ്യൂണിസ്റ്റും ട്രേഡ് യൂനിയൻ സെക്രട്ടറിയുമായിരുന്ന പി.എം അബ്ദുൽ ഖാദിർ സാഹിബിനെ ജമാഅത്ത് അംഗവും പ്രാദേശിക അമീറുമാക്കി മാറ്റിയത്, പി.കെ അബ്ദുൽ ഖാദിർ സാഹിബിനെ ജമാഅത്ത് അംഗവും അന്ന് *പ്രബോധന*ത്തിൽ ലേഖനങ്ങൾ എഴുതാൻ മാത്രം വളർത്തുകയും ചെയ്തത്. ഇവരും മറ്റൊരു ബീഡിത്തൊഴിലാളിയായിരുന്ന പി.ബി മുഹമ്മദ് സാഹിബും ചേർന്നതാണ് ഈ മേഖലയിലെ ജമാഅത്തിന്റെ ആദ്യത്തെ പ്രാദേശിക ഘടകം.

### വിലക്കുകൾ, ബഹിഷ്കരണങ്ങൾ

പൊതുജനം രാഷ്ട്രീയബോധമുള്ളവരായിരുന്നെങ്കിലും മതപരമായി ഉദ്ബുദ്ധരായിരുന്നില്ല. മുസ്‌ലിംകളെ രാഷ്ട്രീയ പാർട്ടികൾ പകുത്തെടുത്തിരുന്നു. പള്ളികളും മിമ്പറുകളും ബോധവത്കരണത്തിനോ സംസ്കരണത്തിനോ ഉപയോഗപ്പെടുത്തിയിരുന്നില്ല. ആകെ നടന്നിരുന്നത് രാത്രികളിലെ വഅ്ള് പരിപാടികളാണ്. അവക്കാകട്ടെ ആഘോഷസ്വഭാവമായിരുന്നു. വഅ്ള് പറയുന്ന മുസ്‌ലിയാർക്ക് പണക്കിഴി നൽകലും പുതിയാപ്ല പുറപ്പെടുവിക്കലും മറ്റും. അതിനാൽ ഇസ്‌ലാമികസമുദ്ധാരണം ലക്ഷ്യമാക്കി ഇറങ്ങിത്തിരിച്ച പ്രസ്ഥാനപ്രവർത്തകർക്ക് കടുത്ത എതിർപ്പുകളെയാണ് തരണം ചെയ്യേണ്ടിവന്നത്.

തളിക്കുളത്തെ പ്രഥമ ഹംദർദ് ഹൽഖാ നാസിമായിരുന്ന പി.എസ് മുഹമ്മദ് സാഹിബ് തന്റെ അനുഭവകഥ പറയുന്നതിങ്ങനെ: "1951-ൽ എനിക്ക് 20 വയസ്സുള്ളപ്പോഴാണ് ജമാഅത്തുമായി ബന്ധപ്പെടുന്നത്. വായനാതൽപരനായിരുന്നു ഞാൻ. *ഇസ്‌ലാമും ജാഹിലിയ്യത്തും* എന്ന പുസ്തകമാണ് എന്നിൽ മാറ്റങ്ങളുണ്ടാക്കിയത്. കൂടുതൽ വായിക്കുകയും ക്ലാസ്സുകളിൽ പങ്കെടുക്കുകയും ചെയ്തു. അങ്ങനെ ഞാനും ഇസ്‌ലാമിക പ്രവർത്തകനായി. വീട്ടിലും നാട്ടിലും പ്രശ്നമായി. എന്നെ പിന്തിരിപ്പിക്കാൻ ബാപ്പയെ ചിലർ പ്രേരിപ്പിച്ചുകൊണ്ടിരുന്നു. എന്റെ ഉസ്താദ് കൂടിയായ പള്ളിയിലെ മുദർരിസും മറ്റ് രണ്ട് മുസ്‌ലിയാക്കളും ബാപ്പയും ചേർന്ന് എന്നോട് സംസാരിക്കാൻ വന്നു. 'മൗദൂദികളു'മായുള്ള ബന്ധം അവസാനിപ്പിക്കണമെന്നായിരുന്നു അവരുടെ ശക്തമായ ആവശ്യം. ഞാനതിന് വഴങ്ങിയില്ല. ബാപ്പയെ അനുസരിക്കണമെന്ന് നിർബന്ധിച്ചു മുസ്‌ലിയാക്കൾ. അപ്പോൾ ഞാൻ ഖുർആൻ സൂറഃ *ലുഖ്മാനി*ലെ *വഇൻജാഹദാക* എന്നു തുടങ്ങുന്ന ആയത്ത് ഓതി മറുപടി കൊടുത്തു. ഇതോടെ ഞാൻ പിഴച്ചവനാണെന്നും ഇനി ബാപ്പയും മകനും തമ്മിൽ ബന്ധമില്ലെന്നും വീട്ടിൽ പ്രവേശിക്കരുതെന്നും പറഞ്ഞ് അവർ എന്നെ പുറത്താക്കി. വീട്ടിൽനിന്ന് ബഹിഷ്കൃതനായ ഞാൻ ചെറിയ ഒരു പലചരക്കുകടയും ജമാഅത്ത് പ്രവർത്തനവുമായി മുന്നോട്ടുപോയി. പരിഹാസവും വിമർശനവും നാനാ ഭാഗത്തുനിന്നും ഉണ്ടായിരുന്നു. 'മൗദൂദികൾ' എന്നാണ് വിളിച്ചിരുന്നത്. പക്ഷേ ഞങ്ങൾ പ്രവർത്തകർ ആരും പിന്തിരിഞ്ഞില്ല. കല്യാണം തുടങ്ങിയ ആവശ്യങ്ങൾക്ക് എവിടെ പോകുമ്പോഴും ജമാഅത്ത് പുസ്തകങ്ങൾ ഞങ്ങളുടെ കൈയിലുണ്ടാവും. സന്ദർഭം നോക്കി ആളുകളുമായി സംഭാഷണം നടത്തും. പുസ്തകങ്ങൾ കൊടുക്കും. എന്റെ ജീവിതത്തിലെ മാറ്റങ്ങൾ നിരീക്ഷിച്ചുകൊണ്ടിരുന്ന ബാപ്പക്ക് ക്രമേണ തെറ്റുധാരണ മാറി. എന്നെ

വീട്ടിൽ പ്രവേശിപ്പിക്കുകയും ചെയ്തു.”

നാട്ടിൽ നടക്കാറുള്ള വഅ്ളുകളിൽ ജമാഅത്തുകാർ പിഴച്ചവരാണെന്ന് മുദ്രകുത്തുകയും ബഹിഷ്കരിക്കണമെന്ന് ആഹ്വാനം നടത്തുകയും ചെയ്തുകൊണ്ടിരുന്നു. തളിക്കുളം പള്ളിയിൽ മാളിയേക്കൽ കുഞ്ഞിക്കോയ തങ്ങൾ എന്ന ഒരാൾ വഅ്ളിൽ, മൗദൂദികൾ വർധിച്ചുകൊണ്ടിരിക്കുകയാണെന്നും അവരുമായി ഒരു ബന്ധവും പുലർത്താൻ പാടില്ലെന്നും ഉപദേശിച്ചു. അവർ വിധിവിശ്വാസമില്ലാത്തവരാണെന്നും പറഞ്ഞു. ഇതു കേട്ടപ്പോൾ പി.എസ് മുഹമ്മദ് സാഹിബ് ഒരു കുറിപ്പ് കൊടുത്തു: ‘മൗദൂദികൾ എന്നു പറഞ്ഞാൽ ആരാണ്? അവരുടെ പിഴവ് എന്താണ്? വിധിയിൽ വിശ്വസിക്കുന്നില്ലെന്ന് പറയുന്നതിന് തെളിവെന്ത്?’. കുറിപ്പ് വായിച്ച് മുസ്‌ലിയാർ പറഞ്ഞു: ‘ഇതിന് നാളെ മറുപടി പറയുന്നതാണ്.’ പിറ്റേന്ന് പി.എസ്സിന്റെ കടയിൽ പള്ളിദർസിലെ കുട്ടികൾ ജമാഅത്ത് പുസ്തകങ്ങൾ അന്വേഷിച്ചുവന്നു. പി.എസ്സിന് കൗതുകം. അദ്ദേഹം കാര്യം തിരക്കി. കുട്ടികൾ പറഞ്ഞു: ‘വഅ്ള് പറയുന്ന മുസ്‌ലിയാർക്ക് വേണ്ടിയാണ്. മുസ്‌ലിയാരും പള്ളിക്കാരണവന്മാരും കൂടിയാണ് ഞങ്ങളെ അയച്ചത്. ഇന്ന് രാത്രി മൗദൂദികളെപ്പറ്റി മുസ്‌ലിയാർക്ക് വഅ്ള് പറയാനാണ്.’ പി.എസ് നാല് പുസ്തകങ്ങൾ കൊടുത്തയച്ചു-*ഇസ്‌ലാംമതം*, *ഇസ്‌ലാമും ജാഹിലിയ്യത്തും*, *ഖുത്ബാത്ത്*, *രക്ഷാസരണി*. രാത്രി ജനങ്ങൾ തടിച്ചുകൂടി, മുസ്‌ലിയാരുടെ മറുപടി കേൾക്കാൻ. വഅ്ള് പകുതി സമയമായപ്പോൾ മുസ്‌ലിയാർ പാൽകുടി കഴിഞ്ഞ് പി.എസ്സിനെ വിളിച്ച് സ്വകാര്യത്തിൽ സംസാരിച്ചു. ഇതോടെ പി.എസ്സും കേൾവിക്കാരിൽ പലരും മുസ്‌ലിയാർ സ്വകാര്യം പറഞ്ഞാൽ പോരാ, പരസ്യമായിത്തന്നെ മറുപടി പറയണമെന്ന് ആവശ്യപ്പെട്ടു; മുസ്‌ലിയാർ പരുങ്ങലിലായി. വഅ്ള് തുടർന്നു. അവസാനം രണ്ടു മൂന്ന് വാക്കുകളിൽ മറുപടിയൊതുക്കി മുസ്‌ലിയാർ തടി സലാമത്താക്കി. ‘പഠാൻ കോട്ടിൽ ജനിച്ച മൗദൂദിയെ പിൻപറ്റുന്നവരാണ് മൗദൂദികൾ; ഇവർ ഖദ്റിൽ വിശ്വസിക്കുന്നില്ലെന്ന് ഇവരുടെ *ഇസ്‌ലാംമതം* എന്ന പുസ്തകത്തിലുണ്ട്’ - ഇതായിരുന്നു മറുപടി!

## ജനങ്ങളെ സ്വാധീനിച്ച പരിപാടികൾ

ഹാജി വി.പി മുഹമ്മദലി സാഹിബ്, അബുൽ ജലാൽ മൗലവി, ടി.കെ അബ്ദുല്ല സാഹിബ്, കെ.എം അബ്ദുൽ അഹദ് തങ്ങൾ എന്നിവർ ഇവിടെ ദിവസങ്ങളോളം ക്യാമ്പ് ചെയ്യുകയും ക്ലാസ്സുകളും പ്രഭാഷണങ്ങളും നടത്തുകയുമുണ്ടായി. പകൽസമയങ്ങളിൽ ടി.കെയുടെ സ്റ്റഡി ക്ലാസ്സായിരിക്കും. മുസ്‌ലിം-അമുസ്‌ലിം ഭേദമില്ലാതെ ധാരാളം പേർ പങ്കെടുത്തിരുന്നു. രാത്രി പൊതുപ്രസംഗങ്ങളും നടക്കും. നേതാക്കളുടെ ഈ ക്യാമ്പും പരിപാടികളും പ്രസ്ഥാനവ്യാപനത്തിനും പ്രചാരണത്തിനും ശക്തിയേകി. ഇസ്സുദ്ദീൻ മൗലവി, ടി. ഇസ്ഹാഖലി മൗലവി, കെ. മൊയ്തു മൗലവി, കെ. അബ്ദുസ്സലാം മൗലവി എന്നിവരും ഈ മേഖലയിൽ സന്ദർശിക്കുകയും ക്ലാസ്സുകളും പ്രഭാഷണങ്ങളും നടത്തുകയും ചെയ്തിട്ടുണ്ട്. മൗദൂദികൾ പിഴച്ചവരാണെന്ന് വിധിച്ച തളിക്കുളം പള്ളിയിൽ ഇസ്സുദ്ദീൻ മൗലവിയുടെ ഒരാഴ്ച നീണ്ട പ്രസംഗപരമ്പര നടന്നിട്ടുണ്ട്. പ്രതിഫലം വാങ്ങാതെ വഅ്ള് പറയുന്നയാളെ തരാം എന്നു പറഞ്ഞാണ് പ്രവർത്തകർ പള്ളി ഭാരവാഹികളിൽ നിന്ന് ഇസ്സുദ്ദീൻ മൗലവിക്ക് പ്രസംഗിക്കാൻ അനുവാദം വാങ്ങിയത്. രണ്ടു ദിവസത്തെ പ്രസംഗമാണ് നിശ്ചയിച്ചിരുന്നത്. പ്രസംഗം കേട്ട പള്ളി ഭാരവാഹികൾ ഒരാഴ്ച തുടർച്ചയായി പ്രസംഗിക്കണമെന്ന് ആവശ്യപ്പെടുകയായിരുന്നു.

## വാടാനപ്പള്ളിയിൽ

തളിക്കുളത്ത് ജമാഅത്ത് ക്ലാസ്സുകളിലും വാരാന്തയോഗങ്ങളിലും വാടാനപ്പള്ളിയിലെ ആർ.എം അബ്ദുർറഹ്മാൻ സാഹിബും കണ്ണട അബ്ദുല്ല സാഹിബും പങ്കെടുത്തു തുടങ്ങി. ഇവർ ഇരുവരും സിലോണിൽനിന്ന് ജമാഅത്തുമായി ബന്ധപ്പെട്ട ബീഡിത്തൊഴിലാളികളായിരുന്നു. ഏതാനും ആഴ്ചകൾ കഴിഞ്ഞപ്പോൾ, വാടാനപ്പള്ളിയിൽ ഘടകം രൂപീകരിക്കാൻ തളിക്കുളം ഹൽഖ തീരുമാനിച്ചു. ഇതേത്തുടർന്ന്, പടിഞ്ഞാറേതിൽ അഹ്മദ് കുട്ടി സാഹിബ് നാസിമായി കൂരിക്കുഴി മുഹമ്മദ് സാഹിബും കൂരിക്കുഴി അഹ്മദ് സാഹിബും മറ്റും ഉൾപ്പെട്ട വാടാനപ്പള്ളിയിലെ പ്രഥമ ജമാഅത്ത് ഘടകം രൂപീകൃതമായി. ഇവിടെയും ജമാഅത്ത് നേതാക്കളുടെ നിരന്തര സന്ദർശനം പ്രവർത്തകർക്ക് അറിവും ആവേശവും പകർന്നു. സ്റ്റഡി ക്ലാസ്സുകളും പ്രസംഗ പരമ്പരകളും മുറക്ക് നടന്നു. മുതിർന്നവരും യുവാക്കളും പ്രസ്ഥാനത്തിലേക്ക് ആകർഷിക്കപ്പെട്ടുകൊണ്ടിരുന്നു. ബീഡിക്കമ്പനികളിൽ ഇസ്‌ലാമും ജമാഅത്തും സജീവ ചർച്ചയായി. എള്ളുംപറമ്പൻ അബ്ദുല്ല, ഇസ്മാഈൽ, അബ്ബാസ്, അബ്ദുൽഗനി, പി.എ അബ്ദുല്ല, മാളിയേക്കൽ മൊയ്തീൻ തുടങ്ങി ധാരാളമാളുകൾ പ്രസ്ഥാന പ്രവർത്തകരും അനുഭാവികളുമായി മാറി. വാടാനപ്പള്ളിയിലെ പ്രഥമ ജമാഅത്ത് അംഗം എ.എ അഹ്മദ് സാഹിബാണ്.

## ഇസ്‌ലാമിയാ കോളേജ് , ഓർഫനേജ്

1968-ൽ വാടാനപ്പള്ളി ഹംദർദ് ഹൽഖ സ്വന്തമായി ഒരു മദ്റസ ഉണ്ടാക്കാൻ തീരുമാനിച്ചു. സ്ഥലവും കെട്ടിടവും വേണം. കേരളത്തിനകത്തും പുറത്തും പിരിവ് നടത്തി സ്ഥലം വാങ്ങി. കെട്ടിടം ഉണ്ടാകുന്നതുവരെ കാത്തുനിൽക്കാതെ ഓലഷെഡ് കെട്ടി മദ്റസ തുടങ്ങി- അൽ മദ്റസത്തുൽ ഇസ്‌ലാമിയ്യ. ട്രസ്റ്റിന് വാടാനപ്പള്ളി എജുക്കേഷൻ ട്രസ്റ്റ് എന്ന് പേരിട്ടു. പ്രദേശത്തെ പ്രവർത്തകർ തുടങ്ങിയ ആ ഓല ഷെഡാണ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇസ്‌ലാമിയാ കോളേജും ഓർഫനേജുമായി വളർന്നത്. കോളേജിന്റെ ശാഖകൾ തളിക്കുളത്തും മന്നത്തും ആലുവ ചാലക്കലും പ്രവർത്തിക്കുന്നു. ട്രസ്റ്റിന്റെ കീഴിൽ പള്ളികൾ, മദ്റസകൾ, ആശുപത്രി, എന്നിവയും പ്രവർത്തിച്ചുവരുന്നു. സ്ഥാപനത്തിന്റെ വളർച്ചയിൽ ഇവിടെ അധ്യാപകനായി ആദ്യം നിയമിതനായ വി.പി കുഞ്ഞിമൊയ്തീൻ കുട്ടി മൗലവി, വിദേശത്ത് ജോലി ചെയ്തിരുന്ന അബ്ദുർറഹ്മാൻ, ടി.എച്ച് മഅ്റൂഫ് തുടങ്ങിയവരുടെ സേവനം വിലപ്പെട്ടതാണ്. ഈ സ്ഥാപനം ഇസ്‌ലാമിക പ്രസ്ഥാനത്തിന് കഴിവുറ്റ കുറേ പ്രവർത്തകരെ സംഭാവന ചെയ്തിട്ടുണ്ട്.

(തുടരും)

tvmohamedali@yahoo.com